**E 8237** (Pages : 3) Reg. No.....................................

Name.......................................

# B.Com. (MODEL II) DEGREE (CBCS) EXAMINATION JANUARY/FEBRUARY 2018

**First Semester**

Additional Language—Malayalam

## കഥ, കവിത, നാടകം

(2017 Admissions)

Time : Three Hours Maximum Marks : 80

### എ വിഭാഗം

അരപ്പുറത്തിൽ കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. "കള്ളത്തീ, ഇത്ര നേരത്തെ കക്കാനെത്തിയോ നീ ? പിടിവിട്ട് ഒരടി അകലത്തിൽ മാറിനിന്നുകൊണ്ടു ചോദിച്ചു"—ചോദ്യമെന്ത് ? സന്ദർഭം എന്ത് ?

2. "ഉണ്ണാനില്ലാത്തവർക്കുവേണ്ടിയുള്ള സമരത്തിനിടയിൽ ചോറു വിളമ്പിത്തന്ന കൈകൾ ഞങ്ങൾ മറന്നു പോയി"—സൂചന വ്യക്തമാക്കുക.

3. "രാജേന്ദ്രന്റെ നാവിൻ തുമ്പിൽ ഒരു തെറിവാക്കു വന്നെത്തി. അതിന്റെ ഇച്ഛാഭംഗത്തോടെ അയാൾ പിന്നെയും പറയാൻ തുടങ്ങുന്നതൊക്കെ തെറിയായി മാറി"—സാഹചര്യം വ്യക്തമാക്കുക.

4. "ഞങ്ങക്കാകെക്കൂടി ഒരു പെങ്ങളേയുള്ളു. അവളെ ഒരുവന്റെ കയ്യിലേല്പിക്കുമ്പോ വെറുതെയങ്ങനെ യൊന്നും നോക്കാതെ കൊടുക്കാമ്പറ്റ്യോ ?"—സന്ദർഭം എഴുതുക.

5. "ഉറക്കിനുമുണർവ്വിനുമിടയ്ക്ക് കാതിലലച്ചുകൊണ്ടിരുന്ന ഭീതിദമായ കുളമ്പടിയൊച്ചകൾ . . . കാറ്റിനെക്കാൾ, ശബ്ദത്തേക്കാളതിവേഗം"—ആശയം വ്യക്തമാക്കുക.

6. "അച്ഛൻ പറഞ്ഞുകൊടുത്തു സകൗതുക-

   മങ്ങനെയാവും വയസ്സാവുമ്പോൾ"

   —സന്ദർഭം എഴുതുക.

7. "അരിയുണ്ടെന്നാലങ്ങോരന്തരിക്കുകില്ലല്ലോ"—സ്വാരസ്യം എഴുതുക.

8. "വരും ജന്മമെങ്കിലും

   ഈ മനുഷ്യൻ

   ചെരുപ്പായി ജനിക്കാൻ ഇടവരണമേ"

   —ഈ പ്രാർത്ഥനയുടെ പൊരുളെന്ത് ?

**Turn over**

Scanned with CamScanner

9. "കേൾക്കുന്നു പൊടുന്നനെ-

യപ്പോളൊരൊച്ചയീ വിജനത്തിൽ"

—കേട്ടത് എന്ത് ?

10. കടപ്പത്രങ്ങൾ, ദുഃഖപടങ്ങൾ, അപമാന-

സ്മൃതി ചിത്രങ്ങൾ പിന്നെയിന്നത്തെയത്താഴവും

—വിവക്ഷയെന്ത് ?

11. പാണൻ നമ്മെ പഠിപ്പിക്കുന്ന രാഷ്ട്രീയ പാഠം എന്ത് ?

12. ഗതികേടുകൊണ്ട് കടക്കാരനാകാൻ ഏതു പ്രധാന മന്ത്രിക്കും കഴിയും ഈ രാവുണ്ണിക്ക് കടം ഒരു പ്രതികാരമാ . . ."—ഈ സംഭാഷണത്തിലെ ധ്വനി എന്ത് ?

(10 × 2 = 20)

ബി വിഭാഗം

ഒന്നരപ്പുറത്തിൽ കവിയാതെ ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

13. 'പകതമ' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നു—വിശദീകരിക്കുക.

14. ഈ ലോകവുമായി തനിക്കുള്ള ബന്ധം അവിഹിതമാണെന്ന് ഇട്ടിക്ക് തോന്നാനുള്ള സാഹചര്യം വിശദമാക്കുക.

15. പുതുകഥയുടെ സവിശേഷതകൾ 'അനന്തപത്മനാഭന്റെ മരക്കുതിരകൾ' എന്ന കഥയെ അടിസ്ഥാനമാക്കി നിരൂപിക്കുക.

16. "ക്രൂശിതയായ ഈ മനുഷ്യപുത്രിയുടെ മുമ്പിൽ താനാകെ ചെറുതായി ചെറുതായി വരുന്നതുപോലെ അയാൾക്കു തോന്നി"—ഈ അവസ്ഥയിലേക്ക് അയാൾ എത്തിച്ചേരാനുള്ള സാഹചര്യം വിവരിക്കുക.

17. എല്ലാക്കാലത്തും പ്രസക്തമായ ഒരു സാമൂഹിക വിഷയം ഉന്നയിക്കുകയാണ് 'അരിയില്ലാഞ്ഞിട്ട്' എന്ന കവിതയിൽ—വിശദമാക്കുക.

18. സുഖകാല കീർത്തനം എന്ന കവിതയുടെ പ്രമേയം ചർച്ച ചെയ്യുക.

19. കരിപിടിച്ച ജന്മങ്ങളുടെ ഗീതയാണ് ഭാഗവതം—നിരൂപിക്കുക.

20. രാവുണ്ണി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ ക്രോഡീകരിക്കുക.

21. ജന്മിത്തത്തിന്റെ പല രൂപഭാവങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ വേഷം മാറി പ്രത്യക്ഷപ്പെടുന്നതായി 'രാവുണ്ണി' വെളിപ്പെടുത്തുന്നു—വിശദമാക്കുക.

(6 × 5 = 30)

Scanned with CamScanner

സി വിഭാഗം

നാലു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

22. പൂനത്തിൽ കുഞ്ഞബ്ദുള്ളയുടെ വ്യത്യസ്തമായ രചനാ രീതിയാണ് മലമുകളിലെ അബ്ദുള്ളയിൽ തെളിയുന്നത്—ചർച്ച ചെയ്യുക.

23. ജീവിത സങ്കീർണതകളുടെ നേർചിത്രമാണ് 'പറുദീസാ നഷ്ടം' വിലയിരുത്തുക.

24. സുഖകാല കീർത്തനം, ചോർന്നൊലിക്കുന്ന മുറി ഈ കവിതകളെ അടിസ്ഥാനമാക്കി പുതുകവിതയുടെ സ്വഭാവം നിരൂപണം ചെയ്യുക.

25. മലയാള നാടക സാഹിത്യചരിത്രത്തിൽ രാവുണ്ണിയ്ക്കും പി.എം. താജിനുമുള്ള സ്ഥാനമെന്ത് ? വിശദമാക്കുക.

(2 × 15 = 30)

Scanned with CamScanner